**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1521** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഗവൺമെന്റ് ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം ഐ.ടി.ഐ. കളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്ന പദ്ധതി നിലവിലില്ല. എന്നാൽ 10 ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന ഒരു പദ്ധതി വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന ചെയ്യുന്നുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഐ.ടി.ഐ. കളുടെ പട്ടിക ചുവടെ ചേർക്കുന്നു.<br>1. ഗവ. ഐ.ടി.ഐ, ധനുവച്ചപുരം, തിരുവനന്തപുരം<br>2. ഗവ. ഐ.ടി.ഐ, ചന്ദനത്തോപ്പ്, കൊല്ലം<br>3. ഗവ. ഐ.ടി.ഐ, ചെങ്ങന്നൂർ. ആലപ്പുഴ<br>4. ഗവ. ഐ.ടി.ഐ, ഏറ്റുമാന്നൂർ, കോട്ടയം<br>5. ഗവ. ഐ.ടി.ഐ, കട്ടപ്പന, ഇടുക്കി<br>6. ഗവ. ഐ.ടി.ഐ, ചാലക്കുടി, തൃശ്ശൂർ<br>7. ഗവ. ഐ.ടി.ഐ, മലമ്പുഴ, പാലക്കാട്<br>8. ഗവ. ഐ.ടി.ഐ, കൊയിലാണ്ടി, കോഴിക്കോട്<br>9. ഗവ. ഐ.ടി.ഐ, കണ്ണൂർ<br>10. ഇ.കെ.നായനാർ മെമ്മോറിയൽ ഗവ. ഐ.ടി.ഐ, കയ്യൂർ, കാസർഗോഡ് |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിലെ അരീക്കോട് ഗവൺമെന്റ് ഐ.ടി.ഐ.യുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്; പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | അരീക്കോട് ഗവൺമെന്റ് ഐ.ടി.ഐ.യുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | അരീക്കോട് ഐ.ടി.ഐ.യിൽ പുതിയതായി എന്തെല്ലാം പ്രവൃത്തികൾ ചെയ്യുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) | അരീക്കോട് ഗവൺമെന്റ് ഐ.ടി.ഐ.യുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകിയിട്ടില്ല. |
| (ഡി) | മികവിന്റെ കേന്ദ്രം പദ്ധതിയിൽ അരീക്കോട് ഐ.ടി.ഐ. യെ കൂടി ഉൾപ്പെടുത്തി ആയത് നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഐ.ടി.ഐ.കളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്ന പദ്ധതി നിലവിലില്ല. |

സെക്ഷൻ ഓഫീസർ